കേരളീയം, കൊക്കാലെ, തൃശൂർ-680021
e-mail: mailkeraleeyam@gmail.com, 0487 2421385

# ചിന്തിക്കാൻ പ്രേരിപ്പിച്ച വികൃതിക്കുട്ടിക്ക്

**ഞാൻ** കേരളീയം മാസികയുടെ ഒക്ടോബർ ലക്കം (ടോട്ടോച്ചാൻ) വളരെ താത്പര്യത്തോടെ വായിച്ചു. കേവലം പരിസ്ഥിതി വാർത്തകൾ എന്നതിലുപരി, പരിസ്ഥിതിക്ക് പുറത്ത് നിന്ന് പരിതസ്ഥിതികൾ മനസ്സിലാക്കിക്കൊണ്ട്, വായനക്കാരന്റെ ഇഷ്ടങ്ങൾക്ക് അൽപ്പം മുൻതൂക്കം കൊടുത്ത് വായനക്കാരന്റെ നിലവാരത്തിലേക്ക് ഉയർന്ന്/താഴ്ന്ന്, നിങ്ങളുടെ ഉദ്ദേശലക്ഷ്യങ്ങൾക്കായുള്ള നയപരമായ സമീപനം വിജയിപ്പിക്കാൻ കഴിയട്ടെ.

പരിസ്ഥിതി എന്താണെന്ന് അറിയേണ്ടതും പരിസ്ഥിതിക്കു വേണ്ടിയുള്ള പ്രവർത്തനങ്ങൾ തുടങ്ങേണ്ടതും തീർച്ചയായും പ്രൈമറി സ്കൂൾ തലത്തിൽ നിന്നുതന്നെയാണ്. അല്ലാതെ മുതിർന്ന ജീവിതത്തെ ഒരുതരം നിസ്സംഗതയോടെ നോക്കിക്കാണുന്ന സമയത്തല്ല. ടോട്ടോച്ചാൻ കേവലം ഒരു കഥയോ കഥാപാത്രമോ അല്ല. മറിച്ച് അത് പൊളിച്ചെഴുതേണ്ട ഒരു വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ ആണിക്കല്ലായി വർത്തിക്കേണ്ടതാണ്. ഈ പുസ്തകം വായിക്കുന്ന കുട്ടി, തന്റെ നിലവിലുള്ള പാഠ്യക്രമം പ്രകൃതിയെ എത്രമാത്രം ബോധപൂർവ്വമോ അല്ലാതെയോ ഉപേക്ഷിച്ചിരിക്കുന്നു എന്ന് മനസ്സിലാക്കണം. കൊബയാഷി മാഷിനെപ്പോലെ കുട്ടികളെ പഠിപ്പിക്കുകയല്ല, കുട്ടികൾക്ക് സ്വയം പഠിക്കാനുള്ള വഴികാട്ടിക്കൊടുക്കലാകണം വിദ്യാഭ്യാസം. ആ ആത്മവിചിന്തനം വിദ്യാഭ്യാസ വിചക്ഷണന്മാർക്കുമുണ്ടാകണം. വായിക്കുക, അല്ലെങ്കിൽ പഠിക്കുക എന്നതിലുപരി ചിന്തിക്കാൻ പ്രേരിപ്പിക്കുന്ന ജനാലയ്ക്കരികിലെ വികൃതിക്കുട്ടിയെ, കേവലം ഒരു അപഗ്രഥനത്തെക്കാളുപരി പരിചയപ്പെടുത്തിയ കേരളീയത്തിനും നന്ദി.

**ശ്രീരാഗ്. വി.ആർ, വല്ലച്ചിറ, തൃശൂർ**

## കണ്ടത് പറഞ്ഞാൽ...

**ഡേവിസ് വളർക്കാവ്** എഴുതുന്ന പംക്തി

# മമ്മൂട്ടിയും ഫാൻസും പിന്നെ ഞാനും

**തമിഴ്നാട്ടിലാണ്** ഫാൻസുകൾ കൂടുതൽ. മിക്കവാറും എല്ലാ നടന്മാർക്കും ഫാൻസ് അസോസിയേഷനുകളുണ്ട്. ഈ കഴകങ്ങളാണ് സിനിമാപ്പെട്ടി തലയിലേറ്റി അമ്മൻകുടമാടുന്നത്. ഇവർക്കിടയിലെ മത്സരം മൂലം ചില ഗ്രൂപ്പുകൾ സാമൂഹ്യമേഖലയിൽ ഇടപെടാറുണ്ട്. നമ്മുടെ ഫാൻസുകൾ മാത്രം കയ്യടിയും കൂക്കിവിളിയുമായി കാലം കഴിക്കുകയാണോ? സിനിമാതാരങ്ങൾ കുറേക്കൂടി പക്വത കാണിച്ചുവരുന്ന ഇക്കാലത്ത് ഫാൻസുകാരും അത് കാണിക്കേണ്ടതുണ്ട്.

ഒരിക്കൽ മമ്മൂട്ടിയുമായുള്ള ടി.വി അഭിമുഖത്തിൽ അദ്ദേഹം പറഞ്ഞു, "ഒരു കർഷകൻ കൃഷിചെയ്യുന്നു. നെയ്ത്തുക്കാരൻ തുണി നെയ്യുന്നു. നടൻ അഭിനയിക്കുന്നു. ഇങ്ങനെ ഓരോരുത്തരും ഓരോ മേഖലയിൽ അവരവരുടെ സംഭാവന ചെയ്യുന്നു." വർഷങ്ങൾക്കുശേഷം ധാരാളം പരിവർത്തനങ്ങളിൽക്കൂടി കടന്നുപോയി അദ്ദേഹവും കൃഷിയിലേക്ക് വന്നു. സുഹൃത്തായ ഹിലാൽ, മമ്മൂട്ടി പറഞ്ഞ ഒരനുഭവം എന്നോട് പറയുകയുണ്ടായി. ഒരിക്കൽ മമ്മൂക്ക കാറിൽ യാത്രചെയ്യവേ വഴിയോരത്തെ തണൽമരം മുറിക്കുന്നത് ശ്രദ്ധയിൽപ്പെട്ടു. മുന്നോട്ട് പോയ കാറ് പിറകോട്ടെടുത്ത് നിർത്തി. മരംമുറിക്കാരോട് കാര്യമെന്തെന്നന്വേഷിച്ചു. വഴി വീതികൂട്ടാൻ മരംമുറിച്ചുമാറ്റുകയാണെന്ന് അവർ മറുപടി പറഞ്ഞു. വരും തലമുറകൾക്ക് മുറിക്കാനെങ്കിലും മരംവേണ്ടേ എന്നായിരുന്നു മമ്മൂക്കയുടെ മറുപടി. കാട്ടിലെ ഒരു മരം മുറിച്ചാൽ പത്ത് മരങ്ങൾ പകരം നടണമെന്നുണ്ട്. ആരും പാലിക്കാറില്ലെന്ന് മാത്രം. അതുകൊണ്ട്, മുറിക്കുന്ന നിങ്ങൾ തന്നെ കുറച്ചുമരം പകരം നടണമെന്നും മമ്മൂക്ക പറഞ്ഞു. കഴിഞ്ഞ മെയ്മാസം തൃശൂരിൽവെച്ച് വഴിയോരത്ത് മരങ്ങൾ നട്ടുവളർത്തുന്നവരുടെ സംഗമം നടന്നു. അന്നുനൽകിയ മംഗളപത്രം ഒരു കവിതയായിരുന്നു, 'വൃക്ഷമിത്രം' എന്ന പേരിൽ. ഹിലാലിനോട് മമ്മൂക്ക പറഞ്ഞ കഥയുടെ സ്വാധീനം ഇതിൽ കാണാം.

പാതയോരത്തൊരാൾ/ചില വിത്തുകൾ, തണൽച്ചെടി./ഫലവൃക്ഷ തൈ നടുന്നു, നനയ്ക്കുന്നു/
വാടാതെ കാക്കുന്നു/വഴിവീതി ചൊല്ലി അറുക്കുമവയെന്നറിഞ്ഞും/തലമുറകൾക്ക് മുറിക്കാനൊരു
മരമെങ്കിലും വേണ്ടേ/എന്നൊരാത്മഗതത്തോടെ/നടുന്നു, നനയ്ക്കുന്നു, നിർവൃതികൊള്ളുന്നു.

വർഷങ്ങൾക്കുമുൻപ് മമ്മൂട്ടി തൃശൂരിൽ ഷൂട്ടിംഗിന് വന്നപ്പോൾ കാണാൻ ശ്രമിച്ചിരുന്നു, നടന്നില്ല. ഒരു അപേക്ഷ/കത്ത് ഏൽപ്പിക്കാൻ അവസരം കിട്ടി. അതിൽ അദ്ദേഹത്തിന്റെ നാളും ജന്മനക്ഷത്ര വൃക്ഷവും സൂചിപ്പിച്ച് എഴുതിയിരുന്നു. മമ്മൂക്കയുടെ നാള് വിശാഖമാണ്. ശ്രീബുദ്ധന്റെയും നാളാണിത്. വിശാഖത്തിന് വൃക്ഷം ചുവന്ന റൂബിമുള്ളുള്ള വയ്യങ്കതയാണ്. ഇത് ഫാൻസുകാരോട് പറഞ്ഞ് കുറേ നക്ഷത്ര വൃക്ഷങ്ങൾ നടീക്കാൻ കത്തിൽ അഭ്യർത്ഥിച്ചിരുന്നു. എന്തോ അന്നദ്ദേഹം താത്പര്യം കാണിച്ചില്ല. ജന്മനക്ഷത്രം, ജ്യോതിഷം എന്നിവയെക്കുറിച്ച് ചില മുൻവിധികളുണ്ടാകാം. ജൈവവൈവിധ്യത്തിന്റെ പ്രാധാന്യം കാണാൻ പലർക്കും കഴിയാറില്ല. ഫാൻസുകാർ മമ്മൂക്കയുടെ നക്ഷത്രവൃക്ഷമോ മറ്റേതെങ്കിലും മരമോ നടുകയാണെങ്കിൽ അതൊരു നിത്യസ്മാരകമായി നിൽക്കും. പരിസ്ഥിതിക്കുവേണ്ടി ഫാൻസ് എന്ന് ചരിത്രം പറയും. തമിഴ്മക്കൾ ഇങ്ങനെ ചെയ്യുന്നുണ്ട്. കയ്യടിച്ചും കൂക്കിവിളിച്ചും കാലം കഴിക്കേണ്ടവരാണോ ഫാൻസ്? സൃഷ്ടിപരമായ ഇടപെടലുകൾ നടത്തുന്നവർകൂടിയായാൽ പൊതുസമൂഹം ഇവരെ പിന്തുണയ്ക്കും. ആലോചിച്ചാലോ?